നബാർഡ് അനുവദിച്ചിട്ടുള്ള ധനസഹായം

17 [690] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷങ്ങളിലായി വിവിധ പദ്ധതികൾക്ക് നബാർഡ് അനുവദിച്ചിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നബാർഡ് ധനസഹായം സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഇ) 2005-06 സാമ്പത്തിക വർഷംവരെ ലഭ്യമാക്കിയിട്ടുള്ള പ്രസ്തുത ധനസഹായം നടപ്പ് സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ച് പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

ചടയമംഗലം ബ്ലോക്കിൽ നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾ

18 [691] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം ബ്ലോക്കിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി എത്ര റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം;

(ബി) ഇതിൽ എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) ചടയമംഗലം ബ്ലോക്കിലുള്ള റോഡുകളിൽ എത്രയെണ്ണം നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ പരിഗണിക്കുന്നുണ്ട്; ഏതെല്ലാം എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം ബ്ലോക്കിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള 249.20 ലക്ഷം രൂപയുടെ 8 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly